➪ *ദേവഭൂമിയിലെ നദീസംഗമങ്ങളും, താഴ്‌വരകളും ആരുടെയും മനം മയക്കും*➪

**കാടുകൾ** മരങ്ങൾനിറഞ്ഞ് നിൽക്കുന്നതും മൃഗങ്ങൾ ജീവിക്കുന്നതുമായ ഒരു പ്രദേശമെന്ന അറിവിനെ മനുഷ്യനടക്കം എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമായ പല പരിസ്ഥിതി സേവനങ്ങളും നൽകുന്ന ഒരു ഇക്കോസിസ്റ്റമാണത് എന്ന തിരിച്ചറിവുകൊണ്ട് തിരുത്തിയത് കഴിഞ്ഞ നൂറ്റാണ്ടിലായിരുന്നു. അവിടുന്നു തൊട്ട് കാട് വെട്ടിത്തെളിച്ചും, കാടിന്നടിയിലും അകത്തുമുള്ള വിഭവങ്ങളെ നിർല്ലോഭം വിപണനം ചെയ്തും പണമുണ്ടാക്കാൻ തുനിഞ്ഞിറങ്ങിയവരും കാടിനെ സംരക്ഷിക്കാനായി ഇറങ്ങിത്തിരിച്ചവരും തമ്മിൽ സംഘർഷങ്ങൾ തുടങ്ങുകയുമായിരുന്നു. മരങ്ങളും, മൃഗങ്ങളും, മരുന്നുകളും മാത്രമല്ല കാടു മനുഷ്യന് നൽകുന്ന സേവനം. മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ജ

# മേഘസ്ഫോടനം തുടച്ചെടുത്ത അധിനിവേശ ആർഭാടങ്ങൾ

പ്രകൃതിക്ക്മേൽ ഒരു നൂറ്റാണ്ടിലേറെ നടന്ന കടന്നുകയറ്റങ്ങളെ മണിക്കൂറുകൾ കൊണ്ട് തുടച്ചെടുക്കുകയായിരുന്നു ഒരു മേഘസ്ഫോടനം ഉത്തരാഖണ്ഡിൽ ചെയ്തതെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞൻ ഹിമാലയൻ അനുഭവങ്ങളിൽ നിന്നും വിശദമാക്കുന്നു

**കെ. എം. ജയഹരി**

ലം പ്രദാനം ചെയ്യുന്നതിലും കാട് മുഖ്യപങ്കു വഹിക്കുന്നു. മാരിമേഘങ്ങൾ പെയ്തിറങ്ങുമ്പോൾ കാട് അതിനെ പിടിച്ചു നിർത്തുന്നു, അൽപ്പാൽപ്പമായി, അരുവികളായി ജലത്തെ വിട്ടുകൊടുക്കുന്നു. അരുവികൾ തോടുകളും അവ ചേർന്ന് പുഴകളുമാകുന്നു. മഞ്ഞുപാളികളിൽനിന്നുത്ഭവിക്കുന്ന ഹിമാലയൻനദികൾപോലും ജലസമ്പന്നമാകുന്നത് പിന്നീട് ഹിമാലയൻകാടുകളിൽനിന്നും കുതിച്ചും കിതച്ചും അതിൽ ചേരാനെത്തുന്ന അനേകം കൈവഴികൾകൊണ്ടാണ്.

ഹിമാലയം കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കത്തിന് ദിവസങ്ങൾ മുമ്പ് അളകനന്ദയും മന്ദാകിനിയും ചേരുന്ന സംഗമമായ രുദ്രപ്രയാഗിലെ ഗഢ്‌വാൾ മണ്ഡൽ വികാസ് നിഗാമിന്റെ വിശ്രമ കേന്ദ്രത്തിൽ നിന്നും അളകനന്ദയുടെയും മന്ദാകിനിയുടെയും കിന്നാരത്തിനു ചെവിയോർത്ത് ഒരു സുഹൃത്ത് എനിക്കൊരു മെസേജ് അയച്ചിരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും മനോഹരമായ സ്ഥലങ്ങളിൽ ഒന്നായ ആ വിശ്രമകേന്ദ്രം യാത്രയിൽ താമസിക്കാൻ തിരഞ്ഞെടുത്ത് കൊടുത്തതിന് നന്ദി പറഞ്ഞുകൊണ്ട്. ദേവഭൂമിയിലെ നദീസംഗമങ്ങളും, താഴ്‌വരകളും ആരുടെയും മനം മയക്കുക തന്നെ ചെയ്യും. തീർഥാടനത്തിൽ തുടങ്ങി ഇന്ത്യയിലെ ഒന്നാംകിട ടൂറിസം കേന്ദ്രങ്ങളിൽ ഒന്നായി ദേവഭൂമി മാറിയതിന്റെ കാരണം ഈ പ്രകൃതി രമണീയത തന്നെയാണ്.

ഉത്തരാഖണ്ഡിലെ വനനശീകരണത്തിന്റെ തുടക്കം ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും എന്ന പോലെ കൊളോണിയൽഭരണകാലത്താണ്. രണ്ടാം



ജൈവവൈവിധ്യം നിറഞ്ഞിരുന്ന കാടുകൾ വെട്ടിമാറ്റി പൈനും യൂക്കാലിപ്റ്റസും നട്ടുപിടിപ്പിച്ചു. 1872നും 1982നും ഇടയിൽ ഉത്തരാഖണ്ഡിന്റെ മൊത്തം വനവിസ്തൃതിയുടെ പത്തു ശതമാനത്തോളം അപ്രത്യക്ഷമായി. ചെങ്കുത്തായ കുന്നിൻ ചരിവുകൾ അങ്ങിനെ നഗ്നമാക്കപ്പെട്ടു.

ലോക മഹായുദ്ധകാലത്ത് റെയിൽവേ വികസനത്തിനും, പട്ടാള കൻറോൺമെന്റുകളുടെ നിർമ്മാണത്തിനും, മറ്റ് ആവശ്യങ്ങൾക്കുമായി ഉത്തരാഖണ്ഡിലെ കാടുകളിൽ മഴുവുമായി കൊളോണിയൽ ഭരണത്തിന്റെ കൂലിക്കാർ കയറിയിറങ്ങി. ജൈവവൈവിധ്യം നിറഞ്ഞിരുന്ന കാടുകൾ വെട്ടിമാറ്റി പൈനും യൂക്കാലിപ്റ്റസും നട്ടു പിടിപ്പിച്ചു. സ്വാതന്ത്ര്യത്തിനു ശേഷം ഈ വനനശീകരണത്തിന്റെ തോത് കൂടുകയാണ് ഉണ്ടായത്. 1872നും 1982നും ഇടയിൽ ഉത്തരാഖണ്ഡിന്റെ മൊത്തം വനവിസ്തൃതിയുടെ പത്തു ശതമാനത്തോളം അപ്രത്യക്ഷമായി. ചെങ്കുത്തായ കുന്നിൻ ചരിവുകൾ അങ്ങിനെ നഗ്നമാക്കപ്പെട്ടു. വനവിസ്തൃതിയിൽവന്ന കുറവ് ഉത്തരാഖണ്ഡിലെ ജനജീവിതത്തെ കുറച്ചൊന്നുമല്ല സ്വാധീനിച്ചത്. വരണ്ടുണങ്ങിയ കാട്ടുചോലകൾ ജനങ്ങളുടെ കൃഷിരീതികളെ ആകപ്പാടെ മാറ്റി മറിച്ചു. പന്ത്രണ്ട് വിത്തുകൾ ഒന്നിച്ച് കൃഷി ചെയ്തിരുന്ന ബരനാജ് (barahnaj) എന്ന പാരമ്പര്യ കൃഷി പാടെ അപ്രത്യക്ഷമായി. പകരം ചോളവും, റാഗിയും, മറ്റ് നാണ്യവിളകളും അവർ കൃഷി ചെയ്തു തുടങ്ങി. ഒരു വശത്ത് സാമ്പത്തികമായി കുതിച്ചു വളർന്നു കൊണ്ടിരുന്ന സമതലത്തിലെ ജനതയോട് കിടപിടിക്കാൻ ഉത്തരാഖണ്ഡിലെ പഹാഡി ജനതക്ക് വല്ലാതെ കഷ്ടപ്പെടേണ്ടി വന്നു. കൃഷി വികസിക്കുന്നതിനൊപ്പം വനവിസ്തൃതി വീണ്ടും കുറഞ്ഞു. മൊട്ടയായ കുന്നുകളിൽ പെയ്തുവീണ മഴത്തുള്ളികൾ മണ്ണിനെയും പാറകളെയും മനുഷ്യരെയുമൊക്കെ എടുത്തുകൊണ്ട് കുതിച്ച് പായുന്നത് മെല്ലെ ഒരു പതിവായി മാറി.

1978ൽ ഭാഗീരഥിയുടെ കൈവഴിയായ കൊനോൾ ദിയഗാദിൽ ഉണ്ടായ ഉരുൾപൊട്ടലിനെ അന്ന് വിശേഷിപ്പിച്ചത് ഹിമാലയം ആ നൂറ്റാണ്ടിൽകണ്ട ഏറ്റവും വലിയ ഉരുൾപൊട്ടൽ എന്നാണ്. നാല് കിലോമീറ്റർ വീതിയിലും ഒരു കിലോമീറ്റർ നീളത്തിലും മണ്ണിടിഞ്ഞു. ഭാഗീരഥിയിൽ രണ്ട് ചെറുതടാകങ്ങൾ രൂപപ്പെട്ടു. കനത്ത മഴയിൽ അവ വീണ്ടും പൊട്ടി ഒഴുകുകയും അനേകം ഗ്രാമങ്ങൾ ഒഴുകിപ്പോകുകയും ചെയ്തു. പിന്നീട് ഇങ്ങോട്ട് ചെറുതും വലുതുമായ അനേകം മണ്ണിടിച്ചിലുകളും ഉരുൾപൊട്ടലുകളും ഉത്തരാഖണ്ഡിൽ കവർന്നത് അനേകായിരം ജീവനുകളാണ്. ജീവന് വിലയില്ലാതെ പോയ ആ പഹാഡി മനുഷ്യരുടെ മരണം അത്ര വലിയ വാർത്തയായിരുന്നേയില്ല.

വേദകാലം മുതൽതന്നെ ഉത്തരാഖണ്ഡ് അറിയപ്പെട്ടിരുന്ന ഒരു ടൂറിസം അല്ലെങ്കിൽ തീർഥാടന കേന്ദ്രമായിരുന്നു. ഗംഗോത്രിയും, യമുനോത്രിയും, കേദാറും, ബദരീനാഥും അടങ്ങുന്ന ചതുർധാമങ്ങളിലേക്ക് പുണ്യം തേടി എത്തുന്നവരുടെ എണ്ണം എൺപതുകൾക്ക് ശേഷം കുത്തനെ ഉയർന്നു. പ്രധാനമായും ഭക്തി അടിസ്ഥാനമായ ടൂറിസം ഉത്തരാഖണ്ഡിൽ കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങൾ കൊണ്ട് ഇരുന്നൂറ് ശതമാനത്തിൽ അധികം വളർച്ച നേടുകയുണ്ടായി. സംസ്ഥാനത്തിന്റെ പൊതുവരുമാനത്തിൽ വർഷാവർഷം ചതുർധാമങ്ങൾ സന്ദർശിക്കാൻ എത്തിയ ലക്ഷക്ക

ണക്കിന് ഭക്തരുടെ പങ്ക് മുഖ്യമായി മാറി. ദേവഭൂമിയെന്ന പേരുമായി അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ ഉത്തരാഖനണ്ഡ് സ്ഥാനം പിടിച്ചു.

തൊണ്ണൂറുകളോടെ ഇന്ത്യയുടെ സാമ്പത്തികരംഗം അതിന്റെ കുതിപ്പ് ആരംഭിക്കുകയായിരുന്നു. സാധാരണക്കാരന് അത്രയൊന്നും ഉപയോഗപ്പെടാത്ത ആ കുതിപ്പ് പക്ഷെ ഹിമാലയൻ സംസ്ഥാനങ്ങളെ നന്നായി ബാധിക്കുക തന്നെ ചെയ്തു. വ്യാവസായിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി ഉത്പാദനം വല്ലാതെ വർദ്ധിപ്പിക്കേണ്ടി വന്നപ്പോൾ ഊർജ്ജ മേഖലയിലെ നിക്ഷേപകരുടെ കണ്ണുകൾ ഹിമാലയത്തിലെ കുന്നുകളിൽ നിന്നും കുതിച്ചൊഴുകുന്ന പുഴകളിലെക്ക് നീണ്ടു. ഉത്തരാഖണ്ഡ് സ്വാഭാവികമായും അവരുടെ കണ്ണുകൾക്ക് പ്രിയപ്പെട്ടതായി.

രണ്ടായിരത്തി എട്ടോടുകൂടി ഏകദേശം ഇരുന്നൂറോളം അണക്കെട്ടുകളുടെ പദ്ധതികൾ സർക്കാരിന് അനുവാദത്തിനായി സമർപ്പിക്കപ്പെട്ടു. എല്ലാം ഗംഗയുടെ കൈവഴികളിൽ. ഓരോന്നിനും പ്രത്യേകം പ്രത്യേകം ജലലഭ്യതാ പഠനങ്ങളും, പരിസ്ഥിതി ആഘാത പഠനങ്ങളും നടത്തപ്പെട്ടപ്പോൾ വിജയ സാധ്യതയുള്ള പദ്ധതികളായി എല്ലാം തന്നെ ചിത്രീകരിക്കപ്പെട്ടു. ഈ പദ്ധതികൾ മൊത്തത്തിൽ എടുത്തു പരിശോധിക്കുകയാണെങ്കിൽ ഒരു അണക്കെട്ടിന്റെ പെൻസ്റ്റോക്ക് പൈപ്പ് അവസാനിക്കുമ്പോൾ അടുത്തത് തുടങ്ങുകയായി എന്ന രീതിയിലായിരുന്നു. ഫലത്തിൽ പതിയെ പുഴകൾ അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. പല സ്ഥലങ്ങളിലും അവ പെൻസ്റ്റോക്ക് പൈപ്പുകൾക്ക് അകത്തുകൂടി ഒഴുകുകയും, അണക്കെട്ടിൽ തടഞ്ഞു നിർത്തപ്പെടുകയും ചെയ്തു. കൂടെ വനനശീകരണവും കൃഷി രീതികളിലുണ്ടായ മാറ്റങ്ങളും കൂടി ആയപ്പോൾ മിക്ക സമയത്തും അളകനന്ദയും മന്ദാകിനിയും അടക്കമുള്ള ഉത്തരാഖണ്ഡിലെ പുഴകൾ ശോഷിച്ച്, നേർത്ത് ഒഴുകി. മലകളിൽ പെയ്ത ഓരോ തുള്ളി മഴയും അപ്പപ്പോൾകുന്നിറങ്ങി. സംസ്ഥാനത്ത് വരൾച്ചയും ജലദൗർലഭ്യവും ഒരു പ്രധാന പാരിസ്ഥിതിക പ്രശ്നമായി കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ ഉയർന്നു വന്നിരുന്നു.

പുഴകൾ വരണ്ടുകൊണ്ടിരിക്കെ തീർഥാടകരുടെ എണ്ണം പ്രതിവർഷം ലക്ഷക്കണക്കിന് വർദ്ധിച്ചുകൊണ്ടിരുന്നു. അശാന്തിയുടെ സമതലങ്ങളിൽനിന്നും ശാന്തി തേടി ഹിമാലയ സാനുക്കളിലേക്ക് കയറിയ ലക്ഷങ്ങൾക്ക് സൗകര്യങ്ങളൊരുക്കി ലാഭമുണ്ടാക്കാൻ മത്സരം ആരംഭിച്ചു. വരണ്ട പുഴകളിലേക്ക് കെട്ടിയിറക്കിയ വാട്ടർഫ്രണ്ട് ഹോട്ടലുകളിൽ പുഴയുടെ കളകളാരവം കേട്ട് സഞ്ചാരികൾ അന്തിയുറങ്ങി. മരിച്ചുകൊണ്ടിരിക്കുന്ന പുഴയുടെ മാറിൽ ആ മരണത്തിന്റെ പങ്കുപറ്റി കെട്ടിപ്പൊക്കിയ രമ്യഹർമ്യങ്ങളിൽ. പുഴകളുടെ മരണവും, വനനശീകരണവും, ടൂറിസവും അങ്ങിനെയാണ് ഉത്തരാഖണ്ഡിൽ കൈകോർത്ത്. പ്രകൃതിക്ക്മേൽ ഒരു നൂറ്റാണ്ടിലേറെ നടന്ന ഈ കടന്നുകയറ്റങ്ങളെയാണ് ഒരു മേഘസ്ഫോടനം മണിക്കൂറുകൾകൊണ്ട് തുടച്ചുമാറ്റിയത്. കേരളത്തിൽ നിന്നും യാത്ര തുടങ്ങി, ഹിമാലയത്തിലേക്ക് നടന്നു കയറി വലിയൊരു തീർഥാടനത്തിന് തുടക്കമിട്ട ശങ്കരാചാര്യരുടെ സമാധിപോലും തൂത്തെറിഞ്ഞ ജലതാണ്ഡവം കേദാർനാഥിൽ ആകെ ബാക്കിയാക്കിയത് ചരിത്രാതീത കാലത്തെ കേദാർനാഥന്റെ ആലയം മാത്രം. അടക്കിപ്പിടിച്ച നദിയുടെ വേദന രോഷമായി മാറിയപ്പോൾ തൂത്തെറിഞ്ഞത് നൂറ്റാണ്ടുകൾനീണ്ട അധിനിവേശ സ്മാരകങ്ങൾ.

ഉത്തരാഖണ്ഡിലെ ദുരന്തത്തിന് രണ്ടു വശങ്ങളുണ്ട്. ഒന്ന് നിർത്താതെ പെയ്ത മഴ കാരണം ഉണ്ടായ വെള്ളപ്പൊക്കവും, മണ്ണിടിച്ചിലുകളും, രണ്ട് മേഘസ്ഫോടനം വഴിയുണ്ടായ മലവെള്ളപ്പാച്ചിൽ. ഭൂകമ്പങ്ങൾ പോലെ പ്രവചിക്കാൻ പറ്റാത്ത പ്രകൃതി പ്രതിഭാസങ്ങളിലൊന്നാണ് മേഘസ്ഫോടനങ്ങൾ. അതുകൊണ്ട് തന്നെ ഉത്തരാഖണ്ഡിലെ ദുരന്തത്തിൽ ഇത്രയും നാശം വിതച്ച മലവെള്ളപ്പാച്ചിൽ പ്രവചനാതീതമായിരുന്നു. എന്നാൽ നിർത്താതെ പെയ്ത മഴയിൽ മന്ദാകിനിയും, അളകനന്ദയും അടക്കം ഈ മേഖലയിലെ മിക്ക നദികളും മേഘസ്ഫോടനം നടക്കുന്നതിനു മുമ്പ് തന്നെ നിറഞ്ഞു കവിഞ്ഞിരുന്നു എന്നതാണ് സത്യം. ആ വെള്ളപ്പൊക്കം ഇല്ലായിരുന്നുവെങ്കിൽ മേഘസ്ഫോടനം വഴി പെട്ടെന്നുണ്ടായ മലവെള്ളപ്പാച്ചിലിന് ഇത്രയും നാശം വിതക്കാൻ കഴിയുമായിരുന്നില്ല. വെള്ളപ്പൊക്കത്തിന്റെ കാരണമാകട്ടെ നേരത്തെ പറഞ്ഞ വനനശീകരണവും, കൃഷി അടക്കം ഭൂവിനിയോഗത്തിൽഉണ്ടായ മാറ്റവും കാരണമാണുതാനും.

മലവെള്ളപ്പാച്ചിൽ കാരണം ഏറ്റവും അധികം നാശനഷ്ടങ്ങളുണ്ടായ കേദാർനാഥിനും ദേവപ്രയാഗിനും ഇടയിൽ12 ഡാമുകളാണ് നിലവിൽ പണി പൂർത്തിയാവുകയോ, പൂർത്തിയായിക്കൊണ്ടിരിക്കുകയോ ചെയ്യുന്നത്. നേർത്തുപോയ നദികൾ കൈയ്യേറി ടൂറിസം വികസനത്തിന്റെ ഭാഗമായി കെട്ടിപ്പൊക്കിയ കെട്ടിടങ്ങൾക്ക് കണക്കില്ല. നദി

യുടെ സ്വാഭാവികമായ ഒഴുക്കിനെ തടസപ്പെടുത്തി, കുറച്ച് തടുത്തുനിർത്തുകയും പിന്നീട് പൊട്ടിയൊഴുകുകയും ചെയ്യുന്ന അവസ്ഥ സൃഷ്ടിച്ച ഈ മനുഷ്യ നിർമ്മിതികൾ ദുരന്തത്തിന്റെ ആഘാതം വർദ്ധിപ്പിക്കുന്നതിൽ ചെറിയ പങ്കൊന്നുമല്ല വഹിച്ചത്. അതോടൊപ്പം എത്ര അലക്ഷ്യമായാണ് നമ്മുടെ സർക്കാറുകൾ ടൂറിസത്തെ കൈകാര്യം ചെയ്യുന്നത് എന്നതിനുകൂടി ഒരു ഉദാഹരണമാണ് ഈ ദുരന്തം. തദ്ദേശീയരായ ആളുകൾ പുഴയുടെ ശബ്ദ മാറ്റത്തിൽ നിന്നും വരാനിരിക്കുന്ന ദുരന്തം പ്രവചിച്ചിട്ടും സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കാൻ പതിനായിരക്കണക്കിന് മനുഷ്യജീവനുകൾ കൊഴിയേണ്ടി വന്നു.

ഇന്ത്യയ്ക്ക് പൊതുവിൽ പല പാഠങ്ങൾ ഈ ദുരന്തത്തിൽനിന്നും പഠിക്കാനുണ്ട്. ഇന്ത്യൻ ഹിമാലയത്തിൽ, കിഴക്കൻ ഹിമാലയത്തിലെ ചില ഭാഗങ്ങളിൽ ഒഴിച്ച് മറ്റെല്ലായിടങ്ങളിലും നടക്കുന്ന അശാസ്ത്രീയമായ

**തീർഥാടകരുടെ എണ്ണം പ്രതിവർഷം ലക്ഷക്കണക്കിന് വർദ്ധിച്ചുകൊണ്ടിരുന്നു. അശാന്തിയുടെ സമതലങ്ങളിൽനിന്നും ശാന്തിതേടി ഹിമാലയ സാനുക്കളിലേക്ക് കയറിയ ലക്ഷങ്ങൾക്ക് സൗകര്യങ്ങളൊരുക്കി ലാഭമുണ്ടാക്കാൻ മത്സരം ആരംഭിച്ചു. വരണ്ട പുഴകളിലേക്ക് കെട്ടിയിറക്കിയ ഹോട്ടലുകളിൽ പുഴയുടെ കളകളാരവം കേട്ട് സഞ്ചാരികൾ അന്തിയുറങ്ങി**

'നിർമ്മാണങ്ങളെ'പ്പറ്റി ശരിയായ വിശകലനം നടക്കേണ്ടിയിരിക്കുന്നു. ഹിമാലയൻ ബെൽറ്റുകൾ ആകെയും ഉണ്ടായ കടുത്ത വനനശീകരണവും, ഭൂവിനിയോഗത്തിലുള്ള മാറ്റങ്ങളും ശ്രദ്ധയർഹിക്കുന്നു. ലഡാക്ക് മുതൽ അരുണാചൽപ്രദേശ് വരെ നീണ്ടു കിടക്കുന്ന ഇന്ത്യൻ ഹിമാലയപ്രദേശത്ത് എല്ലായിടത്തും തന്നെ ഉത്തരാഖണ്ഡിന് സമാനമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. മറ്റൊരു മേഘസ്ഫോടനം ഒരു പക്ഷെ തികച്ചും സമാനമായ ഫലങ്ങൾതന്നെയാകും ഈ മേഖലയിൽ ഉണ്ടാക്കുക. പരിസ്ഥിതി സുസ്ഥിരമായ വികസനത്തെക്കുറിച്ച് രാജ്യം ആകുലരാകേണ്ടതിന് മുഖ്യ കാരണമായിത്തീരേണ്ട ഒന്നാണ് ഈ ദുരന്തം. എന്നാൽ ഭക്തിയും, രാഷ്ട്രീയവും, ഹീറോയിസവും, അഴിമതിയും കൂട്ടിക്കുഴച്ച് വാക്പ്പയറ്റുകൾക്കും, ചില പുനർനിർമ്മാണങ്ങൾക്കും അപ്പുറത്തേക്ക് നമ്മുടെ സർക്കാരുകൾ ചിന്തിക്കുമോ എന്ന് സംശയമാണ്. കണ്ടൽക്കാടുകൾ സുനാമിത്തിരമാലകളെ തടുത്ത് നിർത്തുന്നത് നേരിൽ കണ്ടിട്ടും കണ്ടൽക്കാടുകളുടെ വികസനത്തിന് പ്രത്യേകിച്ച് ഒന്നും ഊർജ്ജിതമായി ചെയ്യാതെ അടുത്ത സുനാമിക്ക് കാത്തു നിൽക്കുന്നവരാണ് നാം.

കേരളത്തിലെ പശ്ചിമഘട്ട മേഖലയിലും സ്ഥിതി ഒട്ടും വ്യത്യസ്തമല്ല. പാറമടകൾ മഴക്കാലത്ത് തീർക്കുന്നത് വനനശീകരണവും, അപകടകരമായ ഭൂവിനിയോഗവും കൊണ്ട് ദുർബ്ബലമായ കുന്നുകൾക്ക് മുകളിൽ അതിനു താങ്ങാൻപറ്റാത്തത്രയും ഭാരമുള്ള തടാകങ്ങളാണ്. ചാലക്കുടിപുഴയിൽ നിരന്നു കിടക്കുന്നത് അനേകം ഡാമുകളാണ്. വളരെയധികം സെൻസേഷൻ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽപോലും നാം മുല്ലപ്പെരിയാർ തകർന്നാൽ ഉണ്ടാകാൻപോകുന്ന സമ്മർദ്ദം ഇടുക്കി അണക്കെട്ടിനു താങ്ങാൻപറ്റുമോ എന്ന് ശാസ്ത്രീയമായി പഠിച്ചിട്ടില്ല. ആറോളം ഡാമുകൾ അണുസ്ഫോടനത്തിലെ ചെയിൻറിയാക്ഷനിൽ എന്നപോലെ പലതും ഒന്നിന് താഴെ ഒന്നായി നിൽക്കുന്ന ചാലക്കുടിപ്പുഴയുടെ കാര്യത്തിൽ പിന്നെ ഇത്തരം പഠനങ്ങൾ ഉണ്ടോ എന്ന് ആലോചിക്കുന്നതിനു പോലും സാധ്യതയില്ല. ശബരിമലയിലേക്ക് വർഷാവർഷം കയറ്റിവിടുന്നത് ലക്ഷക്കണക്കിന് തീർഥാടകരെയാണ്. അലക്ഷ്യമായി തന്നെയാണ് ഈ തീർഥാടനവും കൈകാര്യം ചെയ്യപ്പെടുന്നത് എന്നത് പുല്ലുമെട് ദുരന്തം നമുക്ക് കാണിച്ചു തന്നിട്ടുള്ളതാണ്.

ആഗോള കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അത്യന്തം അപകടകരമായ സാഹചര്യങ്ങളാണ് ലോകത്തിന്റെ പലഭാഗത്തും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ലോകരാഷ്ട്രങ്ങളിൽ പലതും കാലാവസ്ഥാ പ്രശ്നങ്ങളെ നേരിടുന്നതിന്റെ ഭാഗമായി പ്രകൃതിസുസ്ഥിരമായ വികസനത്തിലേക്ക് തിരിയുകയും നിയമനിർമ്മാണം നടത്തുകയും ചെയ്തു കഴിഞ്ഞു. കേരളത്തിലാകട്ടെ ആ രീതിയിൽ ചെറിയൊരു നീക്കം നടത്തിയ ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് ചർച്ച പോലും ചെയ്യാതെ നമ്മുടെ പൊതുസമൂഹം തള്ളിക്കളഞ്ഞു. ശബരിമലയിൽ, ഇടുക്കിയിൽ, മൂന്നാറിൽ, പാറമടകൾ നിറഞ്ഞു നിൽക്കുന്ന നമ്മുടെ കുന്നുകളുടെ താഴ്‌വരകളിൽ, അങ്ങിനെ മറ്റനേകം സ്ഥലങ്ങളിൽ എന്നിട്ടും നാം അപകടത്തിനായി കാത്തിരിക്കുന്നു. അല്ലെങ്കിൽ അപകടത്തെ വിളിച്ചു വരുത്തി കാത്തിരിക്കുന്നു. ■